പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3153 23.03.2015 ലെ മറുപടിയ്ക്ക്

**കർഷകദിനാചരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകദിനമായ ചിങ്ങം ഒന്ന് കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ; | (എ) ഉണ്ട്. |
| (ബി) കർഷകദിനാചരണം കൂടുതൽ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) പഞ്ചായത്തിൽ കർഷക ദിനാചരണം നടത്തുന്നതിന് മുന്നോടിയായി പഞ്ചായത്ത് നേരത്തേ തന്നെ കാർഷിക വികസന സമിതി യോഗം വിളിച്ചുകൂട്ടി സ്വാഗതസംഘം രൂപീകരിക്കുകയും കർഷകദിനാചരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. കാർഷിക വികസന സമിതിയുടെ അംഗീകാരത്തോടെയാണ് കർഷകദിനാചരണം നടത്തുന്നത്. സംസ്ഥാനതലത്തിൽ ഉദ്ഘാടനവും അതോടനുബന്ധിച്ച് കർഷക അവാർഡ് ദാനവും നടത്തുന്നു. മാത്രവുമല്ല സെമിനാറുകൾ, എക്സിബിഷനുകൾ, മത്സരങ്ങൾ എന്നിവയും നടത്തുന്നു. ഇതിനായി വിപുലമായ പ്രചാരണം സംഘടിപ്പിക്കുന്നതും വിവിധ ജില്ലകളിൽ നിന്നുള്ള കർഷകരെ പങ്കെടുപ്പിക്കുന്നതുമാണ്. |
| (സി) കർഷകദിനത്തോടനുബന്ധിച്ച് ജൈവകർഷകരെ പ്രത്യേകം ആദരിക്കുവാനും പ്രോൽസാഹിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ ? | (സി) സ്വീകരിക്കും. പഞ്ചായത്ത് തലത്തിലെ കർഷകദിനാചരണത്തോടനുബന്ധിച്ച് കർഷകരെ ആദരിക്കാറുണ്ട്. പഞ്ചായത്തിലെ മികച്ച ജൈവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി അവരെ കണ്ടുപിടിച്ച് ആദരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**